# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P5/2025/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 19/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

.

നമ്പർ: KSA KLM P5/2025/2023 തീയ്യതി: 19/12/2023

## കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 01-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 30-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-11-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജികുമാർ.ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സിന്ധു.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ.വി.ഡി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാകേഷ്.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എൻ. സദാനന്ദൻ പിള്ള | പ്രസിഡന്റ് | 01-04-2022 | 16-03-2023 |
| ശ്രീ.അഡ്വ.എം കെ ശ്രീകുമാർ | പ്രസിഡന്റ് | 16-03-2023 | 31-03-2023 |
| ശ്രീ.ശംഭു എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ജ്യോതി വിദ്യാധരൻ | അസി. എക്സി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജെസ്ന ഫാത്തിമ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 21-11-2022 |
| ശ്രീ.രതീഷ് കുമാർ.എച്ച്. | അസിസ്റ്റന്റ് എഞ്ചിനീയർ | 21-11-2022 | 31-03-2023 |
| ശ്രീ. ഷാജി ഡി. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനൂപ്.വി.എസ്. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീ. ഷിബു കുമാർ വി.എൻ. | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 21-11-2022 |
| ശ്രീമതി.അനിത.എസ്. | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 21-11-2022 | 31-03-2023 |
| ശ്രീമതി വിമല കുമാരി അമ്മ.കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി രഞ്ജിനി എൽ. | സി.ഡി.പി.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ. നജീം എസ്. | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 15-03-2023 |
| ശ്രീമതി.ശശികല | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 16-03-2023 | 31-03-2023 |
| ഡോ. ബിനി രാജ് | വെറ്ററിനറി സർജൻ | 01-04-2022 | 17-03-2023 |
| ഡോ. വിനോദ് കെ. ചെറിയാൻ | വെറ്ററിനറി സർജൻ | 18-03-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | CFC ഫണ്ട് -ചെലവിൽ വ്യത്യാസം | 1-1-3 |
| 5 | Loans, Advances, Deposits - നീക്കിയിരിപ്പ് കൃത്യമല്ല | 1-1-4 |
| 6 | CFC ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1-5 |
| 7 | Capital Work In Progress രേഖകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ലേലം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-11 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-12 |
| 19 | ആയുഷ് ഗ്രാമം ഐ ഇ സി ആക്ടിവിറ്റീസ്-നൂതന പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-13 |
| 20 | തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 21 | ധനവിനിയോഗസാക്ഷ്യപത്രം, ചെലവ് സാധൂകരിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 22 | ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിക്കുന്നില്ല | 1-16 |
| 23 | പി.എം.എ.വൈ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 1-17 |
| 24 | മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്വറൻസ് പോളിസി എടുക്കുന്നില്ല | 1-18 |
| 25 | ഇ-ടെണ്ടർ ചെയ്യുവരുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-19 |
| 26 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി. | 1-20 |
| 27 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി-സബ്സിഡി തുക അധികം അനുവദിച്ചു | 1-21 |
| | ഭാഗം 2 | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി. | 3-1 |
| 2 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി-സബ്സിഡി തുക അധികം അനുവദിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 1.7.2023 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 5(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 4.7.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെപറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം
അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = -11,88,943/-രൂപ.

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 A - 40 B) = 23,89,179/-രൂപ.

വ്യത്യാസം = 35,78,122/-രൂപ.

### 1-1-3 CFC ഫണ്ട് -ചെലവിൽ വ്യത്യാസം

CFC ഫണ്ട് ടൈഡ് & അൺടൈഡ് ആകെ ചെലവ് തുക ACR, വാർഷിക കണക്ക്, സ്ഥാപനത്തിലെ കണക്കുകൾ എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും CFC ഫണ്ട് ടൈഡ് & അൺടൈഡ് ബാങ്ക്, ട്രഷറി ഇനം തിരിച്ചുള്ള ചെലവുകൾ വാർഷിക കണക്ക്, സ്ഥാപനത്തിലെ കണക്കുകൾ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | സ്ഥാപനത്തിലെ PFMS ക്യാഷ് ബുക്ക്പ്രകാരമുള്ള ചെലവ് (₹) | AFS പ്രകാരമുള്ള ചെലവ് (₹) |
|---|---|---|

| | | |
|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക് | 19,01,254/- | 2,433,223/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക് | 38,09,098/- | 4,406,611/- |

## 1-1-4 Loans, Advances, Deposits - നീക്കിയിരിപ്പ് കൃത്യമല്ല

ബാലൻസ് ഷീറ്റ് B18 – Loans, Advances, Deposits ൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
സെക്രട്ടറി നിർവഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ചെലവ് വിവരങ്ങൾ B18 ഷെഡ്യൂളിലുൾപ്പെട്ടിട്ടില്ല.

## 1-1-5 CFC ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 സാമ്പത്തിക വർഷം CFC ഫണ്ടിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ 2022-23 ൽ പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ ഉൾപ്പെട്ടിരിക്കുന്നു.

1. പദ്ധതി നം. 33/22 – 1,42,761/-രൂപ.

## 1-1-6 Capital Work In Progress രേഖകളുമായി പൊരുത്തപ്പെടുന്നില്ല

2022-23 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ബാലൻസ് ഷീറ്റ് B11(b) Capital Work In Progress ൽ ഉൾപ്പെട്ടിട്ടുള്ളത് 53,72,097/- രൂപയാണ്. തൻവർഷം പാർട്ട് ബിൽ ചെലവ് 30,58,964/- രൂപയാണ്.

## 1-2 ബജറ്റ്

25.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,24,59,360/- രൂപ |
| വരവ് | 8,45,26,659/- രൂപ |
| ആകെ | 10,69,86,019/- രൂപ |
| ചെലവ് | 8,21,37,480/- രൂപ |
| നീക്കിയിരുപ്പ് | 2,48,48,539/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,25,000/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,67,377/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക/ നീക്കിയിരപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21183000/- | 21183000/- | 17837072/- | 3345928/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 23884000/- | 23884000/- | 21126376/- | 2757624/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ട്രഷറി | 0 | 4370428/- | 4370428/- | 3489587/- | 880841/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് –ബേസിക് ഗ്രാന്റ് – അൺടൈഡ് ട്രഷറി | 0 | 184504/- | 184504/- | 29910 | 154594/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക് | 2022892/- | 5776000/- | 7798892/- | 1901254/- | 5897638/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് –ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക് | 40040/- | 3851000/- + 119025/- (പലിശ) =3970025/- | 4010065/- | 3809098/- | 200967/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6753000/- | 6753000/- | 3643763/- | 3109237/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |

| | | | | | |
|---|---|---|---|---|---|
| MGNREGS | 44205/- | 788183/- | 832388/- | 826055/- | 6333/- |
| SGSY | 5188/- | 143/- | 5331/- | 0 | 5331/- |
| ഐ.എ.വൈ. ജനറൽ | 12391566/- | 2464012/- | 14855578/- | 3562014/- | 11293564/- |
| ഐ.എ.വൈ SCP | 0 | 2098000/- | 2098000/- | 792000/- | 1306000/- |
| TSC | 2975855/- | 87243/- | 3063098/- | 0 | 3063098/- |
| Grant From Other Agencies | 27439/- | 233446/- | 260885/- | 248340/- | 12545/- |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 109 | 11,27,83,388/- | 82 | 5,96,01,434/- | 0 | 27 | 75% |

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2023 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് കാണപ്പെട്ടില്ല.

1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്.വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

ആസ്തി രജിസ്റ്ററിൽ തൻവർഷത്തെ പദ്ധതികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നല്കുമ്പോൾ ത്രിതലപഞ്ചായത്തുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങാൻ തുക മുൻകൂറായി നൽകിയെങ്കിലും പൂർണ്ണമായി മരുന്നുകൾ ലഭ്യമായിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-07-2023 – 25-07-2023 | 2022-23 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2022 | 2019-20 മുതൽ 2020-21 വരെ | 23.05.2022 |

1-11 ലേലം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം Sale Of Timber എന്ന ഇനത്തിൽ 28,000/- രൂപ വരവ് ഉണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ (നം.799013000000590) ചെലാൻ മുഖേന 29/04/2022 തീയതിയിൽ ആണ് തുക ഒടുക്കിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കുന്നതിന് ലേലം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. ഈ വിവരം അറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/30.11.23) രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ഖണ്ഡികയിൽ പരാമർശിക്കുന്ന ലേലരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | ചിറക്കര ഗ്രാമ പഞ്ചായത്ത് നെടുങ്ങോലം ഹൈസ്കൂൾ ബോർവെൽ പൈപ്പ് ലൈൻ-ടാങ്ക് സ്ഥാപിക്കൽ (നം. 122/23) | 66,736/- (വികസന ഫണ്ട്) | 66,736/- | 73/21.2.23 | ആകെ 1,48,000/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 66,736/- രൂപ ഭൂജല വകുപ്പിൽ ഒടുക്കു വരുത്തി. |
| 2. | ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് മുട്ടൻ വിള കല്ലുംതൊടി റോഡ് റീടാറിംഗ് (നം. 139/23) | 500000/- (വികസന ഫണ്ട്) | 5,00,000/- | 101/29.3.23 | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ ഒടുക്കു വരുത്തി. |
| 3. | കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് ഊറ്റുകുഴി പടിഞ്ഞാറ്റതിൽ വീട് വാതുക്കൽ മുതൽ മേവനം കോണം ഏലാ വരെയുള്ള റോഡ് മെയിന്റനൻസ് വിഹിതം നൽകൽ (നം. 141/23) | 5,00,000/- (വികസന ഫണ്ട്) | 5,00,000/- | 104/29.3.23 | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിൽ ഒടുക്കു വരുത്തി. |
| 4. | ബഡ്സ് സ്കൂൾ-ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ (നം. 138/23) | 5,00,000/- (വികസന ഫണ്ട്) | 5,00,000/- | 110/28.3.23 | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ ഒടുക്കു വരുത്തി. |
| 5. | കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്ത് നമ്പർ 90, 106 അങ്കണവാടികളുടെ നിർമ്മാണം-കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ (നം. 87/23) | 5,00,000/- (വികസന ഫണ്ട്) | 5,00,000/- | 7.2.23<br>28.3.23 | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിൽ ഒടുക്കു വരുത്തി. |
| | | ആകെ | 20,66,736/- | | |

മേൽ പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 20,66,736/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറി നം. 2/29.11.23.

തടസ്സപ്പെടുത്തിയ തുക - 20,66,736/- രൂപ.

## 1-13 ആയുഷ് ഗ്രാമം ഐ ഇ സി ആക്ടിവിറ്റീസ്-നൂതന പദ്ധതി നടത്തിപ്പിലെ അപാകതകൾ

നൂതന പദ്ധതിയായി അംഗീകാരം വാങ്ങി നടപ്പിലാക്കിയ പദ്ധതിയാണ് ആയുഷ് ഗ്രാമം ഐ ഇ സി ആക്ടിവിറ്റീസ്. (Plg/730/22/DPO/KLM/INNOV DTD 23.12.22)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | ആയുഷ് ഗ്രാമം ഐ ഇ സി ആക്ടിവിറ്റീസ്. (98/23) |
| അടങ്കൽ തുക | ₹1,00,000/- ( വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹99,617/-<br>(ബിൽ നം. 63/17.1.23 – ₹2,875/-<br>ബിൽ നം. 72/17.2.23 – ₹62,000/- |

| | |
|---|---|
| | ബിൽ നം. 100/29.3.23 – ₹34,742/-) |

ശീലിക്കേണ്ട ആഹാരരീതികളെ കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ച് പൊതുജനങ്ങളെ ശരിയായ ജീവിത ശീലത്തിന് ഉടമകളാക്കുക, പകർച്ചവ്യാധികളുടെ കാരണങ്ങൾ, ലക്ഷണങ്ങൾ പ്രതിരോധ മാർഗ്ഗങ്ങൾ, ശാസ്ത്രീയ ചികിത്സ രീതികൾ എന്നിവയെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി മികച്ച സാമൂഹിക പ്രതിരോധം തീർക്കുക, ആരോഗ്യം, കൃഷി എന്നീ മേഖലകളിലുള്ള നാട്ടറിവുകളെ പ്രോത്സാഹിപ്പിക്കുക, യോഗ പരിശീലനം, ജീവിത ശൈലീ രോഗ ക്ലിനിക്, നാട്ടിൽ കാണുന്ന ഔഷധ സസ്യങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ ഗുണങ്ങളും ഉപയോഗ ക്രമം എന്നിവയെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുക, ഔഷധ സസ്യ കൃഷി പ്രോത്സാഹനം, ഔഷധ സസ്യ വിതരണം / പ്രദർശനം, ഔഷധോദ്യാന നിർമ്മാണം എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ച പദ്ധതിയ്ക്കായി തൻ വർഷം 99,617/- രൂപ ചെലവഴിച്ചു. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രിന്റിംഗ് ചാർജ്ജ് (നോട്ടീസ് ഉൾപ്പടെ) 2,875/-രൂപ.

2) IEC പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യവുമായി ബന്ധപ്പെട്ട് അറിവുകളും രോഗപ്രതിരോധ മാർഗ്ഗങ്ങളും ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തിനായി ബോക്ക് പഞ്ചായത്ത് പരിധിയിലുൾപ്പെടുന്ന എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്നതിനുള്ള ആരോഗ്യചര്യകൾ അടങ്ങിയ ടേബിൾ ടോപ്പ് 800 എണ്ണം പ്രിന്റിംഗ് - 62,000/- രൂപ.

3) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്ന് ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് എന്നിവ വാങ്ങിയത് – 29,372/- രൂപ.

4) ഗ്രോബാഗ് വാങ്ങിയത് – 660/- രൂപ.

5) ഡിസൈനിംഗ് ചാർജ്ജ് – 1,500/-രൂപ.

6) ഔഷധ സസ്യങ്ങൾ വാങ്ങിയത് – 2,900/-രൂപ.

7) കയർപിത്ത്, കയർഡങ്ങ് പൗഡർ – 310/-രൂപ.

ഈ പ്രോജക്റ്റ് 19-04-2022 തീയതിയിലെ സ.ഉ.(കൈ) നം. 84/2022/LSGD (പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖ.3.8.5(3)) പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ പെടുന്നതും സാമ്പത്തിക സാങ്കേതിക പ്രായോഗിക ക്ഷമതയുള്ളതും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സബ്സിഡി മാർഗ്ഗരേഖയിലെയോ സംസ്ഥാന സർക്കാർ വകുപ്പിലെയോ മാനദണ്ഡങ്ങൾ ബാധകമാക്കിയാണോ നിർദ്ദേശിക്കപ്പെട്ട ചെലവുകളും സബ്സിഡി നിരക്കുകളും തയ്യാറാക്കിയിട്ടുള്ളത് എന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനും പദ്ധതിയുടെ ഭാഗമായി ആരോഗ്യചര്യകൾ അടങ്ങിയ ടേബിൾ ടോപ്പ് 800 എണ്ണം പ്രിന്റ് ചെയ്തത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് പുതുക്കിയ മാർഗ്ഗരേഖ പ്രകാരം ജീവിത ശൈലീരോഗ പ്രതിരോധ പ്രവർത്തനങ്ങളും സ്ക്രീനിംഗ് ക്ലിനിക്കുകളുടെ പ്രവർത്തനവും കാര്യക്ഷമമാക്കാനുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണെന്നും ആയതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നൂതന പദ്ധതിയായി ഇത് നടപ്പിലാക്കിയിട്ടുള്ളത് എന്നുമാണ്.

എന്നാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആരോഗ്യചര്യകൾ അടങ്ങിയ ടേബിൾ ടോപ്പ് 800 എണ്ണം പ്രിന്റ് ചെയ്തതിൽ 396 എണ്ണത്തിന്റെ വിതരണ വിവരങ്ങളും 270 എണ്ണത്തിന്റെ സ്റ്റോക്ക് ഇൻ ഹാൻഡ് വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കി. പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ പദ്ധതിക്കായി നടത്തിയ 99,617/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 5/29.11.23.
തടസ്സപ്പെടുത്തിയ തുക-99,617/- രൂപ.

1-14 തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം KMSCL, KSCCF എന്നിവയിൽ നിന്നാണ് മരുന്നുകൾ വാങ്ങിയത്. തുക മുൻകൂറായി KMSCLന് നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | അടങ്കൽ/ഫണ്ടിനം (₹) | ആകെ ചെലവ് (₹) | KMSCL ന് നൽകിയ തുക (₹) | ലഭിച്ച മരുന്നിന്റെ വില (₹) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക (₹) |
|---|---|---|---|---|---|
| 5/23 ദീർഘകാല വൃക്കരോഗികൾക്ക് | 5,00,000/- (വികസന ഫണ്ട്) | 4,75,036/- | 4,49,999/-(30 /29-6-22) | 3,35,867/- | 1,14,132/- |

| | | | | | |
|---|---|---|---|---|---|
| മരുന്നുവാങ്ങൽ | | | | | |
| 3/23 പാലിയേറ്റീവ് കെയർ രണ്ടാംഘട്ടം | 18,01,000/- (450000/- വികസന ഫണ്ട്) (1350800/- ധനകാര്യ കമ്മീഷൻ അവാർഡ്) (200/- തനത് ഫണ്ട്) | 17,28,190/- (3,79,182/-വികസനഫണ്ട്) (13,49,008/- ധനകാര്യ കമ്മീഷൻ അവാർഡ്) | 13,03,893/- {PRF454-829469/- (47/17-8-22) PRF1132-104040/- (108/4-11-22) PRF4663-351320/-(243 /24-2-23) PRF5256-19064/- (322/20-3-23)} | 6,87,162/- {PRF454-277500/- PRF1132-95936/- PRF4663-313726/- PRF5256-0/-} | 6,16,731/- {PRF454-551969/- PRF1132-8104/- PRF4663-37594/- PRF5256-19064/-} |
| 64/23 കലയ്ക്കോട് CHC ലെ സബ്സെന്ററുകൾക്ക് ജീവിതശൈലി രോഗനിർണ്ണയത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ | 1,00,000/- (വികസന ഫണ്ട്) | 1,00,000/- | 1,00,000/- PRF3238-80095/-(151 /31-12-22) PRF4672-19905/- (244/24-2-2023) | 19905/- (PRF4672) | 80095/- (PRF3238-) |
| ആകെ | | | | | 8,10,958/- |

തുക മുൻകൂറായി നൽകിയെങ്കിലും 8,10,958/- രൂപയുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.1/28-11-2023.

തടസ്സപ്പെടുത്തിയ തുക – 8,10,958/- രൂപ.

1-15 ധനവിനിയോഗസാക്ഷ്യപത്രം, ചെലവ് സാധൂകരിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ CDPO നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ബ്ലോക്ക് പരിധിയിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കിയിരുന്നു. ഗ്രാമപഞ്ചായത്തുകൾ വിനിയോഗസാക്ഷ്യപത്രം/ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 5,90,066/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | മുൻകൂർ നൽകിയ തുക (₹) ബിൽ നം./തീയതി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ട തുക(₹) |
|---|---|---|
| 2/23, ബഡ്സ് സ്കൂളിന് വിഹിതം നല്കൽ (വികസനഫണ്ട്-ജനറൽ) | 1,00,066/- [ചിറക്കര ഗ്രാമപഞ്ചായത്ത് – ₹28,000/- (310/15-3-23) ₹45,000/-(207/2-2-23) ₹27,066/-(235/17-2-23)] | 1,00,066/- |
| 70/23, ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ (വികസനഫണ്ട്-ജനറൽ) | 2,40,000/- [പൂതക്കുളം ഗ്രാമപഞ്ചായത്ത് – ₹84,500/- (126/18-11-22) ₹1,55,500/-(129/29-11-22)] | 2,40,000/- |
| 1/23, അങ്കണവാടി പോഷകാഹാരം (വികസനഫണ്ട്-ജനറൽ) | 2,50,000/- കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് (98/25-10-22) | 2,50,000/- |

ചെലവിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 5,90,066/-രൂപ.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. – 6/29-11-23.

1-16 ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിക്കുന്നില്ല

ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ആസ്തികളുടെ

സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തിയ രജിസ്റ്ററിന്റെ പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിച്ച് സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ് 13.01.2010 ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കി കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി. എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. അതിനാൽ ബ്ലോക്ക് പഞ്ചായത്ത് സംബന്ധിച്ച എല്ലാ ആസ്തി വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-17 പി.എം.എ.വൈ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

'പി.എം.എ.വൈ' പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് സബ്സിഡി തുകയുടെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ താഴെ പേര് ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

*പി എം എ വൈ – ഭവന നിർമ്മാണം (ജനറൽ)
പ്രോജക്ട് നമ്പർ – 41/23 (അടങ്കൽ തുക : 96,25,000/-രൂപ, ചെലവ് തുക : 50,40,000/-രൂപ)
**പി എം എ വൈ – ഭവന നിർമ്മാണം (എസ് സി പി)
പ്രോജക്ട് നമ്പർ – 52/23 (അടങ്കൽ തുക : 76,00,000/-രൂപ, ചെലവ് തുക : 29,50,680/-രൂപ)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ശ്രീ./ശ്രീമതി) | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഷീബ, വയലിൽ പുത്തൻവീട്, താഴംവടക്ക് (GL) | 1,04,000/- | അടിസ്ഥാനം പൂർത്തീകരിച്ചു |
| 2 | ലക്ഷ്മിക്കുട്ടി അമ്മ, ലക്ഷ്മിവിലാസം, ഉളിയനാട് | 1,60,000/- | ലിന്റൽ വരെ പൂർത്തീകരിച്ചു. ഗുണഭോക്താവ് മരിച്ചു. |
| 3 | ഇന്ദുമോൾ, അനുഭവൻ, സിതാര ജംഗ്ഷൻ | 48,000/- | പണി ആരംഭിച്ചിട്ടില്ല |
| 4 | രമ്യ, കാർത്തിക നിവാസ്, ഒഴുകുപാറ | 48,000/- | പണി ആരംഭിച്ചിട്ടില്ല |
| 5 | സുമിത്ര കെ ആർ, ഇഞ്ചിവിള വീട്, നെടുങ്ങോലം | 1,60,000/- | അടിസ്ഥാനം പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 6 | ലിസ്സി ബി, ചാലിൽവീട്, ചിറക്കരത്താഴം | 48,000/- | പണി ആരംഭിച്ചിട്ടില്ല |
| 7 | അശോകൻ, അമ്പൂരിതരുവിള വീട്, വേളമാനൂർ | 48,000/- | പണി ആരംഭിച്ചിട്ടില്ല |
| 8 | സുമതി, ചരുവിള പുത്തൻവീട്, കുഴിവേലി കിഴക്കുംകര | 1,48,000/- | ലിന്റൽ വരെ പൂർത്തീകരിച്ചു. |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്. ഭവനനിർമ്മാണം പുനരാരംഭിക്കാത്ത സാഹചര്യത്തിൽ കരാർ പ്രകാരമുള്ള നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്വറൻസ് പോളിസി എടുക്കുന്നില്ല

സർക്കാർ ഉത്തരവ് നം. (പി)3/2017/പി.ഡബ്ല്യു.ഡി. തീയതി 09-08.2017 (Standard Bidding Documents For Public Works) പാർട്ട് II - പൊതു കരാർ നിബന്ധനകൾ 12-1 ൽ കരാറുകാരൻ സമർപ്പിക്കേണ്ട ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിനെപ്പറ്റി പരാമർശിക്കുന്നു. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് കരാറുകാരന് 'ലെറ്റർ ഓഫ് അക്സപ്റ്റൻസ് ' നൽകിയിട്ടുള്ളത്. 2022-23 വർഷത്തിൽ നടപ്പിലാക്കിയ ഒരു പ്രവൃത്തിയിലും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. പകരം ചട്ടപ്രകാരം കരാർ തുകയുടെ 0.2% തുക അവസാന ബിൽ തുകയിൽ നിന്നും കുറവുവരുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇത് ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടതിന്റെ ലക്ഷ്യത്തിന് വിരുദ്ധമാണ്. ഇത്തരം നടപടി ഭാവിയിൽ ഒഴിവാക്കേണ്ടതും എല്ലാ കരാറിനൊപ്പവും നിർദ്ദിഷ്ട തുകയ്ക്കുള്ള ഇൻഷ്വറൻസ് സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

1-19 ഇ-ടെണ്ടർ ചെയ്തുവരുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.

ഇ-ടെണ്ടർ ചെയ്തുവരുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില അസി. എക്സി. എഞ്ചിനീയറുടെ എസ്.ബി.ഐ. ചാത്തന്നൂർ ശാഖയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലാണ് ഒടുക്കി വരുന്നത്. ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 27-11-2023ൽ അക്കൗണ്ടിൽ 1,79,615/- രൂപ നീക്കിയിരുപ്പുണ്ട്. തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-20 മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി.

മെറിറ്റോറിയസ് സ്കോളർഷിപ്പായി ഒരേ ഗുണഭോക്താക്കൾക്ക് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് തന്നെ രണ്ട് തവണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക അനുവദിക്കുകയും ചെയ്തു.

| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |
|---|---|---|
| പദ്ധതി, നം | സ്പിൽ ഓവർ അധിക വിഹിതത്തിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (22/23) | സ്പിൽ ഓവർ അധിക വിഹിതത്തിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (21/23) |
| അടങ്കൽ തുക | ₹20,75,000/-<br>(വികസന ഫണ്ട് - എസ്.സി.പി.) | ₹1,35,000/-<br>(വികസന ഫണ്ട് - എസ്.സി.പി.) |
| ചെലവ് തുക | ₹20,75,000/-<br>(വികസന ഫണ്ട് - എസ്.സി.പി.)<br>ബിൽ നം. 2/3.5.22 - ₹5,65,000/-<br>ബിൽ നം. 3/16.5.22 - ₹60,000/- | ₹1,35,000/-<br>(ബിൽ നം. 1/30.4.22) |

| | | |
|---|---|---|
| | ബിൽ നം. 4/16.5.22 - ₹60,000/-<br>ബിൽ നം. 5/13.5.22 - ₹30,000/-<br>ബിൽ നം. 6/13.5.22 - ₹45,000/-<br>ബിൽ നം. 7/13.5.22 - ₹90,000/-<br>ബിൽ നം. 8/13.5.22 - ₹45,000/-<br>ബിൽ നം. 9/13.5.22 - ₹55,000/-<br>ബിൽ നം. 10/13.5.22 - ₹45,000/-<br>ബിൽ നം. 11/13.5.22 - ₹1,50,000/-<br>ബിൽ നം. 12/17.5.22 - ₹60,000/-<br>ബിൽ നം. 14/17.5.22 - ₹6,85,000/-<br>ബിൽ നം. 16/19.5.22 - ₹1,40,000/-<br>ബിൽ നം. 17/19.5.22 - ₹15,000/-<br>ബിൽ നം. 18/20.5.22 - ₹30,000/- | |

2021-22 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.2.2018, ഖ. 7.2.5 കുറിപ്പ് പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ്, ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ ലഭിക്കുന്നതിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ നടത്തുന്ന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസർ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മതിയായ പരിശോധന കൂടാതെ സാക്ഷ്യപത്രം നൽകിയതിനാൽ 2022-23 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം 2021-22 വർഷത്തെ ആനുകൂല്യം ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരേ വ്യക്തിക്കു തന്നെ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഒരു ഗുണഭോക്താവിന് തന്നെ രണ്ട് തവണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം (ശ്രീ./കുമാരി) | അനുവദിച്ച സബ്സിഡി (₹) | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി. നം. |
|---|---|---|---|
| 1.അഖിലാ പ്രസാദ്, അഖിലാ ഭവൻ 35264399934 | 20,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700099341 (Bill No & Date. 4, 12/05/2022) |
| | 20,000.00 | കൊല്ലം ജില്ലാ പഞ്ചായത്ത് | 21030152096201397962 |
| 2.സച്ചിൻ എസ്, പടിഞ്ഞാറ്റതിൽ വീട്, പാറയിൽ 12590100216098 | 15,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700099341 (Bill ID)(Bill No & Date. 4, 12/05/2022) |
| | 15,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700099502 (Bill No & Date. 14, 12/05/2022) |
| 3.മേഘ എ ആർ , നെല്ലുവിള വീട് 37036559168 | 20,000.00 | കൊല്ലം ജില്ലാ പഞ്ചായത്ത് | 21030152096201293130 (Bill ID) |
| | 15,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700099477 (Bill No & Date. 9, 12/05/2022) |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനർഹമായി അനുവദിച്ച തുക | 50,000/- | | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വെബ് സാംഖ്യയിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ മേൽ ഗുണഭോക്താക്കൾക്ക് 2021-22 സാമ്പത്തിക വർഷത്തേക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമായിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽ നിന്ന് ആനുകൂല്യ വിതരണത്തിന് ഇരട്ടിപ്പ്

വന്നിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ട ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ തന്നെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നുംആനുകൂല്യം വിതരണം ചെയ്തതിലും, ഒന്നിലധികം തവണ ബ്ലോക്കിൽ നിന്നും തുക നൽകിയതിലുമുണ്ടായ നഷ്ടം 50,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/9.11.23.

നിരാകരിച്ച തുക - 50,000/-രൂപ.

### 1-21 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി-സബ്സിഡി തുക അധികം അനുവദിച്ചു

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) പ്രോജക്റ്റ് പ്രകാരം ഒരു ഗുണഭോക്താവിന് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 75,000/-രൂപ അധികം അനുവദിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്റ്റ് നം., പേര് | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി (20/23) SO |
| അടങ്കൽ തുക | ₹12,00,000/- (വികസന ഫണ്ട് - എസ്.സി.പി) |
| യൂണിറ്റ് കോസ്റ്റ് | ₹2,00,000/- |
| ചെലവ് തുക | ₹10,60,485/-<br>(വികസന ഫണ്ട് - എസ്.സി.പി.)<br>ബിൽ നം. 15/16.5.22 - ₹2,25,000/-<br>ബിൽ നം. 18/18.5.22 - ₹150,000/-<br>ബിൽ നം. 20/18.7.22 - ₹75,000/-<br>ബിൽ നം. 21/22.8.22 - ₹75,000/-<br>ബിൽ നം. 22/26.9.22 – ₹75,000/-<br>ബിൽ നം. 23/4.11.22 – ₹60,485/-<br>ബിൽ നം. 24/31.12.22 – ₹1,00,000/-<br>ബിൽ നം. 25/17.1.23 – ₹75,000/-<br>ബിൽ നം. 26/25.1.23 – ₹1,50,000/-<br>ബിൽ നം. 244/23.12.22 – ₹75,000/- |

14.02.2018 തീയതിയിലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. (പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.17) പ്രകാരം പഠനമുറി നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന സബ്സിഡി തുക 2,00,000/- രൂപയാണെന്നിരിക്കെ 2,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം (ശ്രീ./കുമാരി) | അനുവദിച്ച സബ്സിഡി (₹) | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി. നം. |
|---|---|---|---|
| മിനിമോൾ എസ്,<br>മീര ഹൗസ്<br>67063519753 | 75,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 210304630677 01351471<br>(2021-22 പദ്ധതി നം. 56/23)<br>Bill No & Date.<br>248, 17/03/2022 |
| | 50,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 21030463067700834599<br>(2021-22 പദ്ധതി നം. 56/23)<br>Bill No & Date. |

| | | | |
|---|---|---|---|
| | | | 118, 23/12/2021 |
| | 75,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700322609<br>Bill No & Date.<br>35, 18/07/2022 |
| | 75,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700951088<br>Bill No & Date.<br>147, 23/12/2022 |
| ആകെ | 2,75,000/- | | |

പ്രോജക്ട് പ്രകാരവും സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരവും പഠനമുറി നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന സബ്സിഡി തുക 2,00,000/- രൂപയാണെന്നിരിക്കെ 2,75,000/- രൂപ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വെബ് സാംഖ്യയിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ മേൽ ഗുണഭോക്താവിന് 2021-22, 2022-23 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആകെ 2,75,000/- രൂപ അനുവദിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ആയതിനാൽ അധികം നൽകിയ 75,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അധികം നല്കിയ 75,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ഈടാക്കി ഒടുക്ക വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.
നിരാകരിച്ച തുക-75,000/-രൂപ
ഓഡിറ്റ് എൻക്വയറി നം. 13/30.11.23.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി.

മെറിറ്റോറിയസ് സ്കോളർഷിപ്പായി ഒരേ ഗുണഭോക്താക്കൾക്ക് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് തന്നെ രണ്ട് തവണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക അനുവദിക്കുകയും ചെയ്തു.

| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ | |
|---|---|---|
| പദ്ധതി, നം | സ്പിൽ ഓവർ അധിക വിഹിതത്തിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (22/23) | സ്പിൽ ഓവർ അധിക വിഹിതത്തിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (21/23) |
| അടങ്കൽ തുക | ₹20,75,000/-<br>(വികസന ഫണ്ട് - എസ്.സി.പി.) | ₹1,35,000/-<br>(വികസന ഫണ്ട് - എസ്.സി.പി.) |
| ചെലവ് തുക | ₹20,75,000/-<br>(വികസന ഫണ്ട് - എസ്.സി.പി.)<br>ബിൽ നം. 2/3.5.22 - ₹5,65,000/-<br>ബിൽ നം. 3/16.5.22 - ₹60,000/-<br>ബിൽ നം. 4/16.5.22 - ₹60,000/-<br>ബിൽ നം. 5/13.5.22 - ₹30,000/-<br>ബിൽ നം. 6/13.5.22 - ₹45,000/- | ₹1,35,000/-<br>(ബിൽ നം. 1/30.4.22) |

| | | |
|---|---|---|
| | ബിൽ നം. 7/13.5.22 - ₹90,000/-<br>ബിൽ നം. 8/13.5.22 - ₹45,000/-<br>ബിൽ നം. 9/13.5.22 - ₹55,000/-<br>ബിൽ നം. 10/13.5.22 - ₹45,000/-<br>ബിൽ നം. 11/13.5.22 - ₹1,50,000/-<br>ബിൽ നം. 12/17.5.22 - ₹60,000/-<br>ബിൽ നം. 14/17.5.22 - ₹6,85,000/-<br>ബിൽ നം. 16/19.5.22 - ₹1,40,000/-<br>ബിൽ നം. 17/19.5.22 - ₹15,000/-<br>ബിൽ നം. 18/20.5.22 - ₹30,000/- | |

2021-22 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.2.2018, ഖ. 7.2.5 കുറിപ്പ് പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ്, ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ ലഭിക്കുന്നതിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ നടത്തുന്ന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസർ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മതിയായ പരിശോധന കൂടാതെ സാക്ഷ്യപത്രം നൽകിയതിനാൽ 2022-23 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം 2021-22 വർഷത്തെ ആനുകൂല്യം ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരേ വ്യക്തിക്കു തന്നെ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഒരു ഗുണഭോക്താവിന് തന്നെ രണ്ട് തവണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം (ശ്രീ./കുമാരി) | അനുവദിച്ച സബ്സിഡി (₹) | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി. നം. |
|---|---|---|---|
| 1.അഖിലാ പ്രസാദ്, അഖിലാ ഭവൻ 35264399934 | 20,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700099341 (Bill No & Date. 4, 12/05/2022) |
| | 20,000.00 | കൊല്ലം ജില്ലാ പഞ്ചായത്ത് | 21030152096201397962 |
| 2.സച്ചിൻ എസ്, പടിഞ്ഞാറ്റതിൽ വീട്, പാറയിൽ 12590100216098 | 15,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700099341 (Bill ID)(Bill No & Date. 4, 12/05/2022) |
| | 15,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700099502 (Bill No & Date. 14, 12/05/2022) |
| 3.മേഖ എ ആർ, നെല്ലുവിള വീട് 37036559168 | 20,000.00 | കൊല്ലം ജില്ലാ പഞ്ചായത്ത് | 21030152096201293130 (Bill ID) |
| | 15,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700099477 (Bill No & Date. 9, 12/05/2022) |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനർഹമായി അനുവദിച്ച തുക | 50,000/- | | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വെബ് സാംഖ്യയിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ മേൽ ഗുണഭോക്താക്കൾക്ക് 2021-22 സാമ്പത്തിക വർഷത്തേക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമായിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽ നിന്ന് ആനുകൂല്യ വിതരണത്തിന് ഇരട്ടിപ്പ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ട ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ തന്നെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ആനുകൂല്യം വിതരണം ചെയ്തതിലും, ഒന്നിലധികം തവണ ബ്ലോക്കിൽ നിന്നും തുക

നൽകിയതിലുമുണ്ടായ നഷ്ടം 50,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/9.11.23.

നിരാകരിച്ച തുക - 50,000/-രൂപ.

3-2 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി-സബ്സിഡി തുക അധികം അനുവദിച്ചു

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 75,000/-രൂപ അധികം അനുവദിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം., പേര് | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി (20/23) SO |
| അടങ്കൽ തുക | ₹12,00,000/- (വികസന ഫണ്ട് - എസ്.സി.പി) |
| യൂണിറ്റ് കോസ്റ്റ് | ₹2,00,000/- |
| ചെലവ് തുക | ₹10,60,485/-<br>(വികസന ഫണ്ട് - എസ്.സി.പി.)<br>ബിൽ നം. 15/16.5.22 - ₹2,25,000/-<br>ബിൽ നം. 18/18.5.22 - ₹150,000/-<br>ബിൽ നം. 20/18.7.22 - ₹75,000/-<br>ബിൽ നം. 21/22.8.22 - ₹75,000/-<br>ബിൽ നം. 22/26.9.22 – ₹75,000/-<br>ബിൽ നം. 23/4.11.22 – ₹60,485/-<br>ബിൽ നം. 24/31.12.22 – ₹1,00,000/-<br>ബിൽ നം. 25/17.1.23 – ₹75,000/-<br>ബിൽ നം. 26/25.1.23 – ₹1,50,000/-<br>ബിൽ നം. 244/23.12.22 – ₹75,000/- |

14.02.2018 തീയതിയിലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. (പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.17) പ്രകാരം പഠനമുറി നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന സബ്സിഡി തുക 2,00,000/- രൂപയാണെന്നിരിക്കെ 2,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം (ശ്രീ./കുമാരി) | അനുവദിച്ച സബ്സിഡി (₹) | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി. നം. |
|---|---|---|---|
| മിനിമോൾ എസ്, മീര ഹൗസ് 67063519753 | 75,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 21030463067701351471 (2021-22 പദ്ധതി നം. 56/23) Bill No & Date. 248, 17/03/2022 |
| | 50,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 21030463067700834599 (2021-22 പദ്ധതി നം. 56/23) Bill No & Date. 118, 23/12/2021 |
| | 75,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700322609 Bill No & Date. 35, 18/07/2022 |
| | 75,000.00 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | 22030463067700951088 Bill No & Date. 147, 23/12/2022 |
| ആകെ | 2,75,000/- | | |

പ്രോജക്ട് പ്രകാരവും സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരവും പഠനമുറി നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന സബ്സിഡി തുക 2,00,000/- രൂപയാണെന്നിരിക്കെ 2,75,000/- രൂപ അനുവദിക്കാനുണ്ടായ

സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വെബ് സാംഖ്യയിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ മേൽ ഗുണഭോക്താവിന് 2021-22, 2022-23 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആകെ 2,75,000/- രൂപ അനുവദിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ആയതിനാൽ അധികം നൽകിയ 75,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അധികം നല്കിയ 75,000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.
നിരാകരിച്ച തുക-75,000/-രൂപ
ഓഡിറ്റ് എൻക്വയറി നം. 13/30.11.23.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 28/11/2023, 29/11/2023 | കെ.എസ്.എ.കെ.എൽ.എം.പി.5/2025/23, തീയതി – 16/12/2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 23,52,000/- | പി.എം.എ.വൈ. ജനറൽ | 23,52,000/- | - |
| | | 8,30,000/- | പി.എം.എ.വൈ. പട്ടികജാതി വിഭാഗം | 8,30,000/- | - |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് പ്രവൃത്തിക്കായി മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പദ്ധതി നം | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ചിറക്കര ഗ്രാമ പഞ്ചായത്ത് നെടുങ്ങോലം ഹൈസ്കൂൾ ബോർവെൽ പൈപ്പ് ലൈൻ-ടാങ്ക് സ്ഥാപിക്കൽ (നം. 122/23) | 73/21.2.23 | 66,736/- | 0 | 66,736/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും ചെലവും ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ലോൺ | സ.ഉ(എം.എസ്.) 90/13/തസ്വഭവ /തീയതി 14/3/2013 | 1,36,16,454/- | 52,80,258/- (മുതൽ) | 0 | 0 | 52,80,258/- (മുതൽ) |

4-6 സ്ഥിരനിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | 1-7 | നെൽകൃഷിക്കാർക്ക് മൺവെട്ടി വിതരണം - പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 3-1 | 2016-17 | - | പട്ടികജാതി/പട്ടിക വർഗ്ഗ പദ്ധതികളുടെ അവലോകനം (വിദ്യാഭ്യാസം) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 50,000/- | ശ്രീ. ഷാജി ഡി, പട്ടികജാതി വികസന ഓഫീസർ |
| 3-2 | - | 75,000/- | ശ്രീ. ഷാജി ഡി, പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 20,66,736/- | ശ്രീ. ശംഭു എസ്, സെക്രട്ടറി |
| 1-13 | 99,617/- | ശ്രീ. ശംഭു എസ്, സെക്രട്ടറി |
| 1-14 | 8,10,958/- | ഡോ. അനൂപ് വി. എസ്., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-15 | 5,90,066/- | ശ്രീമതി രഞ്ജിനി എൽ., സി.ഡി.പി.ഒ. |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷാജി ഡി,<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,<br>ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കുറ്റിമേലതിൽ വീട്,<br>ടി.കെ.എം.സി. പി.ഒ.<br>പേരൂർ, കൊല്ലം -5 |

| | | |
|---|---|---|
| ശ്രീ. ശംഭു എസ്, സെക്രട്ടറി | സെക്രട്ടറി, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | കാർത്തിക, നിയർ ഇ.എസ്.ഐ, പെരുമ്പുഴ പി.ഒ., കൊല്ലം |
| ഡോ. അനൂപ് വി.എസ്., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | ഈച്ചാംപറമ്പിൽ, കാവൽ, തങ്കശ്ശേരി, കൊല്ലം |
| ശ്രീമതി രഞ്ജിനി എൽ., സി.ഡി.പി.ഒ. | സി.ഡി.പി.ഒ. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കൊല്ലിയഴികത്ത് വീട്, മൈലക്കാട് പി.ഒ, മൈലക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 മുതൽ 2005-06 വരെ | കെ.എസ്.എ.കെ.എൽ.എം.പി5/1447/18 / 07.02.2018 | 7 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി5/11/18 / 07.02.2018 | 3 |
| 2007-08 | എൽ.എഫ്.ക്യൂ/ഡി.ബി/1525(5)/14 / 8.7.2014 | 3 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി5/320/19 / 27.03.2019 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/549/16 / 31.03.2016 | 11 |
| 2010-11 | എൽ.എഫ്.ക്യൂ/ഡി.ബി/2590/14 / 09.03.2015 | 4 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.5/അദാലത്ത്/2011-12/ 1615/22 / 29.8.22 | 2 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി.5/അദാലത്ത്/2012-13, 2013-14/1615(1)/22 / 29.8.22 | 7 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.5/അദാലത്ത്/2014-15/ 1615(2)/22 / 29.8.22 | 6 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.5/അദാലത്ത്/2015-16/ 1615(3)/22 / 29.8.22 | 8 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി5/1806/19 / 19.05.2020 | 8 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി5/2035/18 / 09.01.2020 | 16 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി5/1038/2020 / 20.11.2020 | 16 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി5/1862/2022 / 05.1.2023 | 11 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി5/484/2022 / 13.12.2022 | 14 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി5/554/2023 / 13.04.2023 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 01-07-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ithikkara Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ithikkara Block Panchayat for the year 2022-2023

Date: 19/12/2023

Senior Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Ithikkara Block Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. The mandatory financial statements such as Ratios and Secretary`s note prescribed in accounting rules are not submitted for audit.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. CFC Tied & Untied Fund Details do not match with actual fund details as per ACR, AFS, Cash Book.

4. Amount spent as advances for deposit works were not included in balace sheet B 18 schedule.

5. Part bill payment details are not matching with the amount included in the B 11(b) Capital Work in Progress schedule.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്